**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 396** **23-02-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാകും എന്ന് വ്യക്തമാക്കാമോ; | (എ) | 22.01.2021 ലെ പുതുക്കിയ Request For Proposal (RFP) പ്രകാരം മെഡിസെപ് പദ്ധതി നടത്തിപ്പിനായി Oriental Insurance Company Ltd നെയാണ് തെരെഞ്ഞെടുത്തത്. Request For Proposal -ലെ നിബന്ധന പ്രകാരം വിവിധ കാറ്റഗറിയിലുള്ള കേരളത്തിനകത്തും പുറത്തുമുള്ള ആശുപത്രികളുമായി ടി കമ്പനി ചർച്ച ചെയ്ത് കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് തയ്യാറാക്കുന്നത്. ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് ഉടൻ സർക്കാരിനു സമർപ്പിക്കുന്നതാണെന്ന് Oriental Insurance Company Ltd അറിയിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാകും എന്ന് എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളു. |
| (ബി) | നിലവിൽ സംസ്ഥാനത്തെ സഹകരണ ആശുപത്രികളിൽ മെഡിസെപ് ആനുകൂല്യങ്ങൾ ലഭ്യമാകുന്ന നിലയിലാണോ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്; ഇല്ലെങ്കിൽ സഹകരണ ആശുപത്രികളെ കൂടി പ്രസ്തുത പദ്ധതിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 22.01.2021 ലെ പുതുക്കിയ Request For Proposal (RFP) പ്രകാരം മെഡിസെപ് പദ്ധതി നടത്തിപ്പിനായി Oriental Insurance Company Ltd നെയാണ് തെരെഞ്ഞെടുത്തത്. Request For Proposal -ലെ നിബന്ധന പ്രകാരം വിവിധ കാറ്റഗറിയിലുള്ള കേരളത്തിനകത്തും പുറത്തുമുള്ള ആശുപത്രികളുമായി ടി കമ്പനി ചർച്ച ചെയ്ത് കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് തയ്യാറാക്കുന്നത്. ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് ഉടൻ സർക്കാരിനു സമർപ്പിക്കുന്നതാണെന്ന് Oriental Insurance Company Ltd അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാകും എന്ന് എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ